**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1524** **10-10-2024 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ ഭൂസർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലും ഡിജിറ്റൽ ഭൂസർവേ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി ഇതിനോടകം റീസർവ്വേ ചെയ്ത 116 വില്ലേജുകൾ ഒഴികെ ബാക്കി വരുന്ന സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവെ ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് . അൺ സർവെയ്ഡ് വില്ലേജുകൾ, നാളിതുവരെ റീസർവെ പൂർത്തിയാകാത്ത വില്ലേജുകൾ എന്നിവയ്ക്ക് പ്രാധാന്യം നൽകി ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവെ പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനത്ത് ഡിജിറ്റൽ റീസർവ്വേ നടപ്പിലാക്കി വരുന്നത്. നിലവിൽ 438 വില്ലേജുകളിലാണ് രണ്ട് ഘട്ടങ്ങളിലായി സർവ്വേ നടന്നു വരുന്നത്.212 വില്ലേജുകളിൽ ഫീൽഡ് സർവ്വേ പൂർത്തിയാക്കി 9(2) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും സെക്ഷൻ 13 പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. |
| (ബി) | ഇതിനായി സർവേ ഓഫ് ഇന്ത്യ ഡയറക്ടറും സംസ്ഥാന സർവേ ഡയറക്ടറും ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സർവെ ഓഫ് ഇന്ത്യ ഡയറക്ടറും സംസ്ഥാന സർവെ ഡയറക്ടറും ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്. Continuously Operating Reference Stations (CORS) സംസ്ഥാനത്ത് സ്ഥാപിക്കുന്നതിലേയ്ക്കും , തുടർന്ന് വരുന്ന 10 വർഷത്തേയ്ക്കുള്ള മെയിന്റനൻസ്, സർവ്വീസ് മുതലായവ സർവെ ഓഫ് ഇന്ത്യ മുഖാന്തിരം നിർവ്വഹിക്കുന്നതിലേയ്ക്കും 18-01-2021 തീയതിയിൽ സർവെ ഓഫ് ഇന്ത്യ ഡയറക്ടറും സംസ്ഥാന സർവെ ഡയറക്ടറും ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്. |
| (സി) | സർവേ നടപടികൾക്കായി ഭൂവുടമകൾ സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ; | (സി) | പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടത്തുന്നത്.പൊതു ജനങ്ങൾ തങ്ങളുടെ ഭൂമിയിലെ അതിർത്തികളിലെ കാടുകൾ |

| | | | |
|---|---|---|---|
| | | | വെട്ടിതെളിച്ച് അതിർത്തി സഞ്ചാര യോഗ്യമാക്കേണ്ടതും, സർവെയർ ഫീൽഡിൽ വരുമ്പോൾ അതിർത്തികൾ കൃത്യമായി കാണിച്ച് കൊടുക്കേണ്ടതും, ഉടമസ്ഥത തെളിയിക്കുന്നതിനുള്ള രേഖ നൽകേണ്ടതുമാണ്.<br><br>കൂടാതെ വില്ലേജിന്റെ സർവെ പൂർത്തിയാക്കിയ റിക്കാർഡുകൾ പ്രദർശനത്തിന് വയ്ക്കുമ്പോൾ പൊതുജനങ്ങൾക്ക് പരിശോധിച്ച് ബോധ്യപ്പെടാവുന്നതുമാണ്.സർവെ പൂർത്തിയായ പ്രദേശങ്ങളിലെ റിക്കാർഡുകൾ ഭൂവുടമകൾക്ക് പരിശോധിക്കുന്നതിനായി "എന്റെ ഭൂമി"പോർട്ടലിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതും അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പോർട്ടൽ മുഖേന തന്നെ ഭൂവുടമകൾക്ക് അറിയിക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കിയിട്ടുള്ളതാണ്. എല്ലാ വില്ലേജുകളിലും ക്യാമ്പ് ഓഫീസ് സജ്ജമാക്കിയിട്ടുള്ളതിനാൽ ഭൂവുടമകൾക്ക് വസ്തു സംബന്ധമായ നടപടികൾക്ക് അവിടെയും അപേക്ഷ നൽകുവാൻ കഴിയുന്നതാണ്. |
| (ഡി) | സർവേയിൽ ഭൂമി അധികമായി കണ്ടെത്തുന്നപക്ഷം അതിനും ഭൂനികുതി അടയ്ക്കാൻ അനുവദിക്കാറുണ്ടോ; ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) | 21/05/2022ലെ സ.ഉ(കൈ)നം.110/2022/റവ ഉത്തരവ് പ്രകാരം റീസർവെയിൽ വിസ്തീർണ്ണ വർദ്ധനവ് കാണുന്ന കേസുകളിൽ റീസർവെയ്ക്ക് മുൻപ് ആധാര പ്രകാരം പോക്ക് വരവ് ചെയ്ത് കരമൊടുക്കിയ വിസ്തീർണ്ണത്തിന് കരം സ്വീകരിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.ഡിജിറ്റൽ സർവ്വേയ്ക്ക് ശേഷം അധിക വിസ്തീർണ്ണത്തിന് കരമൊടുക്കി നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

സ.ഉ.(കൈ) നം.110/2022/RD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - റീസർവ്വെയ്ക്ക് ശേഷം വിസ്തീർണ്ണ വ്യത്യാസം വരുന്ന കേസുകളിൽ കരമൊടുക്കുന്നതിൽ വ്യക്തത വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.110/2022/RD തീയതി,തിരുവനന്തപുരം, 21-04-2022

---

പരാമർശം:-

1. റവന്യൂ ബോർഡ് (സർവ്വെ) സെക്രട്ടറിയുടെ 18/09/1991 ലെ ബി1-19446/91 നമ്പർ സർക്കുലർ.
2. 15/09/2020 ലെ സ.ഉ(കൈ)നം.214/2020/റവന്യൂ

**<u>ഉത്തരവ്</u>**

റീസർവ്വെ റിക്കാർഡിൽ കാണിച്ചിരിക്കുന്ന വിസ്തീർണ്ണം അടിസ്ഥാനരേഖയായി കണക്കാക്കി മാത്രമേ പോക്കുവരവ് ചെയ്യാൻ പാടുള്ളൂവെന്നും പോക്കുവരവ് ചെയ്യുന്ന വിസ്തീർണ്ണം റീസർവ്വെ റിക്കാർഡുകളും അതോടനുബന്ധമായി തയ്യാറാക്കിയിട്ടുള്ള സബ് ഡിവിഷൻ റിക്കാർഡുകളും പ്രകാരം നിർണ്ണയിക്കേണ്ടതാണെന്നും പരാമർശം (1) പ്രകാരം റവന്യൂ ബോർഡ് സെക്രട്ടറി സർക്കുലർ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലറിൽ സ്പഷ്ടീകരണം വരുത്തിയും റീസർവ്വെ റിക്കാർഡുകൾ പ്രകാരം വിസ്തീർണ്ണ വ്യത്യാസം സംബന്ധിച്ച പിശകുകൾ തിരുത്തുന്നതിലും പ്രസ്തുത റിക്കാർഡുകളെ തുടർന്ന് പോക്കുവരവ് അനുവദിക്കുന്നതിലും 1964 ലെ കേരള സർവ്വെ അതിരടയാള ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങളും വ്യവസ്ഥകളും കർശനമായി പാലിക്കണമെന്നും നിർദ്ദേശിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർവ്വെ വിസ്തീർണ്ണം അടിസ്ഥാന രേഖയായി കണക്കാക്കി പോക്കുവരവ് ചെയ്യണമെന്ന് സർക്കുലർ നിലവിലുണ്ടെങ്കിലും പല പ്രദേശങ്ങളിലും കരം ഒടുക്കി നൽകുകയോ പോക്കുവരവ് ചെയ്ത് നൽകുകയോ ചെയ്യാത്ത സാഹചര്യമാണ് ഉള്ളത്. ഇത്തരത്തിൽ അവകാശ പ്രമാണ രേഖ/ റവന്യൂ രേഖ എന്നിവയിലെ വിസ്തീർണ്ണത്തേക്കാൾ കൂടുതൽ വിസ്തീർണ്ണം റീസർവ്വെ പ്രകാരം വരുന്ന കേസുകളിൽ കരം സ്വീകരിക്കാത്തതായി നിരവധി പരാതികളുണ്ടാകുകയും ജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ റീസർവ്വെ വിസ്തീർണ്ണം കുറവുള്ള കേസുകളിൽ ഭൂവുടമകൾ സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നില്ല എന്ന ആക്ഷേപവും നിലനിൽക്കുന്നു.

2) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. റീസർവ്വെ നടപടികളുടെ ഭാഗമായി ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച് കൂടുതൽ/കുറവ് ഉണ്ടാകുന്ന കേസുകളിൽ പ്രസ്തുത വിഷയം സർവ്വെ ആന്റ് ബൗണ്ടറീസ് ആക്ട് പ്രകാരമുള്ള നടപടികൾ പാലിച്ച് ബന്ധപ്പെട്ട അധികാരികളോ, തർക്കമുള്ള പക്ഷം കോടതികളോ വിഷയം അന്തിമമായി തീർച്ചപ്പെടുത്താതെ നിർണ്ണയിക്കപ്പെടാവുന്നതല്ല. ഈ സാഹചര്യത്തിൽ റീസർവ്വെയിൽ വിസ്തീർണ്ണ വർദ്ധനവ് കാണുന്ന കേസുകളിൽ, റീസർവ്വേക്കു മുൻപ് ആധാര പ്രകാരം പോക്ക് വരവ് ചെയ്തു

സ.ഉ.(കൈ) നം.110/2022/RD

കരമൊടുക്കി വന്നതിന്റെ അടിസ്ഥാനത്തിലും, വിസ്തീർണ്ണം കുറവുള്ള കേസുകളിൽ കൈവശത്തിലുള്ള ഭൂമിക്കും, കരം ഒടുക്കി നൽകുന്നതിന് സമ്മതമാണെന്ന് അറിയിച്ചുകൊണ്ട്, ബന്ധപ്പെട്ട കക്ഷി ഡിക്ലറേഷൻ നൽകുന്ന സംഗതിയിൽ, അവയ്ക്ക് കരം തീർത്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) പരാമർശം (1)ലെ സർക്കുലറും സൂചന (2) ലെ സർക്കാർ ഉത്തരവും ഇതിനാൽ റദ്ദ് ചെയ്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
സർവ്വെ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ